
Dr. C .Kunhan Raja

ഗവേഷണതിലകം സി. കുഞ്ഞൻരാജ-തലപ്പള്ളിയുടെ പാണ്ഡിത്യപ്പെരുമ.

ഡോ.സുവർണ്ണ നാലപ്പാട്ട്.







സുവർണ്ണയുടെ ബുദ്ധി നാലപ്പാട്ടെ ബുദ്ധിയും ചിറ്റഞ്ഞൂരെ ബുദ്ധിയും കൂടിയ ഒന്നാണ് എന്ന്

ആമിയോപ്പു (മാധവിക്കുട്ടി) എപ്പോഴും പറയാറുണ്ട്. സി.കുഞ്ഞൻരാജയുടെ ബുദ്ധിയാണ് അവൾക്ക് എന്നും പറയും. നാലപ്പാട്ടിനെപ്പറ്റി പലപ്പോഴായി ഞാനെഴുതിയിട്ടുണ്ട്. അമ്മയുടെ അച്ഛന്റെ ജനിതകമായ ചിറ്റഞ്ഞൂർ കോവിലകം തലപ്പള്ളി കോവിലകത്തിന്റെ ഒരു ശാഖയാണ്. 1895ലാണ് ജനനം. 1963ൽ മരണം. 5 ഭാഷകളിലായി 225 പുസ്തകങ്ങളും 524 പബ്ലിക്കേഷനുകളും 1873 ലൈബ്രറി ഹോൾഡിങ്ങുകളും. Author, Editor,Translator, Creator, Annotator എന്നിങ്ങനെ പല കർത്തവ്യങ്ങളോടൊപ്പം അഡയാർ ലൈബ്രറി ഡയറക്ടറും മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫസറുമായി സേവനം. ഗവേഷണത്തിൽ അദ്ദേഹത്തെ കഴിഞ്ഞേ ഒരു മലയാളി ഉണ്ടായിട്ടുള്ളു. എണ്ണം കൊണ്ടും ഗഹനത കൊണ്ടും ഓരോ കൃതിയും ഏറെയേറെ മെച്ചമാണ് എന്നതാണ് ഈ പണ്ഡിതരത്നത്തിന്റെ മുഖമുദ്ര. എന്നാൽ, മലയാളികളോ തലപ്പള്ളിക്കാരോ ആ പാണ്ഡിത്യം വേണ്ടപോലെ അറിഞ്ഞിട്ടില്ലതാനും.

1944ൽ സി.കുഞ്ഞൻരാജയുടെ 25 വർഷത്തെ സംഭാവനകളെ പുരസ്കരിച്ച് അദ്ദേഹത്തിന്റെ പേരിൽ ഒരു പ്രസന്റേഷൻ വോള്യൂം പ്രസിദ്ധീകരിക്കാൻ സുഹൃത്തുക്കൾ ഉറച്ചു. അവരുണ്ടാ

ക്കിയ കമ്മിറ്റിയിൽ അഡയാർ ലൈബ്രറി ചെയർമാൻ വൈദ്യരത്നവും മദ്രാസ് യൂണിവേഴ്സിറ്റിയിലെ ഡോ വെങ്കടരമണയ്യയും കെ.എ നീലകണ്ഠശാസ്ത്രിയും ഡോ. വി രാഘവനും അടക്കം നിരവധി പ്രസിദ്ധപണ്ഡിതരുണ്ടായിരുന്നു. അന്ന് അദ്ദേഹം മദ്രാസ് യൂണിവേഴ്സിറ്റിയിൽ സംസ്കൃതം പ്രൊഫസറായി സേവനം അനുഷ്ഠിക്കുകയാണ്. അഡയാറിലെ ലൈബ്രറിക്കുവേണ്ടി റിസർച്ചുകളും കാറ്റലോഗ് നിർമ്മാണവും 20 വർഷമായി നിർവ്വഹിക്കയും ചെയ്തിരുന്നു. മലയാളം ഭാഷയുടെ ഗവേഷണപാരമ്പര്യത്തിന്റെ ആദ്യബീജാവാപം ചെയ്തതും ഈ തലപ്പള്ളികോവിലകത്തും വാതുക്കലെ ഗവേഷണ തിലകമാണ്. ആ നാമത്തോടെയാണ് അദ്ദേഹത്തിന്റെ ചിത്രം ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതും.

ജീവചരിത്രം

തലപ്പള്ളി കുടുംബത്തിന്റെ സമ്പ്രദായപ്രകാരം അദ്ദേഹത്തിന്റെ ആദ്യവിദ്യാഭ്യാസം സംസ്കൃതകാവ്യം, അലങ്കാരം, വ്യാകരണം, ആയുർവ്വേദം, ജ്യോതിഷം ഇവയിലായിരുന്നു. വലഭി,നളന്ദ യൂണിവേഴ്സിറ്റികളിലെ പോലെ ഹേതുവിദ്യ,ശബ്ദവിദ്യ, ചികിത്സാവിദ്യ ഇവ

ഉപരിപഠനത്തിന് അത്യാവശ്യമായിരുന്നു ,
അന്നത്തെ കാലത്ത്. ഇവയെല്ലാം പഠിച്ച
ശേഷം 11ആം വയസ്സിലാണ് അദ്ദേഹം വീട്ടി
നടുത്തുള്ള കുന്നംകുളം ഹൈസ്കൂളിൽ
ചേർന്നത്. 1906 മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസ
സം (നാലാം ഫോം) ആരംഭിച്ചു.
അന്നുമുതൽ ഒന്നാം സ്ഥാനം നിലനിർത്തി
ക്കൊണ്ട് 1913ൽ വിദ്യാഭ്യാസം പൂർത്തിയാ
ക്കി. 1915ൽ മഹാരാജാസ് കോളേജിൽനിന്ന്
ഇൻ്റർമീഡിയറ്റ് പാസായി. മദ്രാസ് പ്രസിഡ
ൻസി കോളേജിൽ പ്രസിദ്ധനായ കുപ്പുസ്വാമി
ശാസ്ത്രികളുടെ കീഴിൽ ഓണേഴ്സിന്
ചേർന്നു. 1918ൽ അതു നേടിയ ശേഷം
ഇന്ത്യാഗവർമ്മെണ്ടിൻ്റെ സ്കോളർഷിപ്പോടു
കൂടി ഓക്സ്ഫോഡിലേക്ക് ഉപരിപഠനത്തി
നു പോയി. പ്രൊഫ. എ.എ മക്ഡോണാ
ൾഡിൻ്റെ കൂടെ സംസ്കൃതത്തിലായിരുന്നു
ഗവേഷണം.അതോടൊപ്പം ജർമ്മനിയിലും
പ്രസിദ്ധരായ പ്രൊഫസർമാരുടെ കീഴിൽ
അദ്ധ്യയനം തുടർന്നു. 1924ൽ ഫിലോസഫി
യിൽ ഡോക്ടറേറ്റ് എടുത്തശേഷം
ഓക്സ്ഫോഡിൽനിന്ന് മടങ്ങിവന്നു. മാർബ
ർഗ്ഗിലെ പ്രൊ റുഡോൾഫ് ഓട്ടോവിനോട്
ചേർന്ന് തൻ്റെ വിഷ്ണുനാരായണ രണ്ടാം
എഡിഷനും ശ്രീഭാഷ്യവും പുറത്തിറക്കി.

ജർമ്മനി ഓസ്ട്രിയ, ചെക്കോസ്ലോവാക്യ മുതലായ യൂണിവേഴ്സിറ്റികളും സന്ദർശിച്ച അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ പ്രൊ. സിൽവിയൻ ലെവി(പാരീസ്), പ്രസിദ്ധനായ പ്രൊ.മോറിസ് വിന്റർനിറ്റ്സ് (പ്രേഗ്) ഇവരും ഉണ്ടായിരുന്നു. ഫ്രഞ്ച് ,ജർമ്മൻ ഭാഷകളിൽ അക്കാലത്ത് പ്രാവീണ്യം നേടി.

ഇന്ത്യയിൽ എത്തിയ ശേഷം ഒരു വർഷം അദ്ദേഹം ശാന്തിനികേതനത്തിലായിരുന്നു. അവിടെവെച്ച് ഗ്രീക്ക്, ലാറ്റിൻ, അവെസ്ത ഭാഷാപരിചയം നേടി. ഇറ്റാലിയൻ ഭാഷയും പഠിച്ചു. 1926 മുതൽ അഡയാർ ലൈബ്രറി യുടെ ഡയറക്ടരായി. 1927ൽ മദ്രാസ് യൂണി വേഴ്സിറ്റിയുടെ സംസ്കൃതം പ്രൊഫസറും. 1920 മുതൽ ലോകത്തെങ്ങുമുള്ള യൂണിവേ ഴ്സിറ്റികളിലെ പ്രസിദ്ധനായ ഓറിയന്റലിസ്റ്റ് ആയി ബഹുമാനിക്കപ്പെടുന്നു. മലയാളഭാഷ യും തലപ്പള്ളിക്കാരും മാത്രമേ അദ്ദേഹത്തെ അറിയാത്തവരായി ഉള്ളു എന്നത് വിധിവൈ പരീത്യം.

അഡയാറിലെ ലൈബ്രറിയിൽ ചെന്ന് അവിട ത്തെ മാനുസ്ക്റിപ്റ്റുകളും കാറ്റലോഗുക ളും പരിശോധിക്കുന്ന പക്ഷം ഏതൊരാ ൾക്കും സി കുഞ്ഞൻരാജ രാജ്യത്തിനു തന്ന

സംഭാവന ബോദ്ധ്യമാകും. ബിക്കാനീറിലെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയും അദ്ദേഹമാണ് സമാഹരിച്ചത്. സംസ്കൃതത്തിന് ഗംഗാ ഓറിയന്റൽ ഇൻസ്റ്റിട്ടൂട്ടും രാജസ്ഥാനിക്കുവേണ്ടി സാധുൽ രാജസ്ഥാനി റിസർച്ച് ഇൻസ്റ്റിറ്റൂട്ടും അദ്ദേഹം തുടങ്ങിവെച്ചു. ആൾവാർ, ജയ്പൂർ സംസ്ഥാനങ്ങളിലും കാറ്റലോഗ് ആരംഭിച്ചത് അദ്ദേഹമാണ്.പ്രാകൃതം പാലിഭാഷകളും അദ്ദേഹത്തിന് നന്നായറിയാം.
മാതൃഭാഷയായ മലയാളത്തിലും അദ്ദേഹം പണ്ഡിതനായിരുന്നു, ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ തന്റെ ജ്യേഷ്ഠൻ നടത്തിയിരുന്ന സാഹിത്യജേർണലിന്റെ പ്രവൃത്തികളിൽ അദ്ദേഹം സഹായിച്ചിരുന്നു. മലയാളം സാഹിത്യചരിത്രം, ഭാഷാചരിത്രം ഇവയിലും അദ്ദേഹം തനതായ വ്യക്തിമുദ്ര പതിപ്പിച്ചു. 1945ൽ കൊച്ചിമഹാരാജാവിന്റെ 80ആം പിറന്നാളോടനുബന്ധിച്ച ചടങ്ങിൽ കുഞ്ഞൻരാജാവിന് ഗവേഷണതിലകം ബഹുമതി നൽകി ആദരിച്ചു. എന്തു വിഷയം പഠിച്ചാലും ആ വിഷയത്തിന് അദ്ദേഹം തനതായ സംഭാവന നൽകി. തൊട്ടതെല്ലാം പൊന്നാക്കുന്ന ഒരു അലൌകികസിദ്ധി. എവിടെ ചെന്നാലും മഹാന്മാർ അദ്ദേഹത്തെ അറിഞ്ഞു.
ശാന്തിനികേതനത്തിൽ രവീന്ദ്രനാഥടാഗോർ,

സി.എഫ് ആൻഡ്രൂസ്, വിധുശേഖരഭട്ടാചാര്യ, ബിക്കാനീറിലെ മഹാരാജാവും അദ്ദേഹത്തിന്റെ പ്രധാനമന്ത്രി സർദാർ കെ എം പണിക്കരും , അഡയാർ ലൈബ്രറിയിൽ അദ്ദേഹത്തിനു ശേഷം വന്ന എല്ലാ ഡയറക്ടർമാരും അദ്ദേഹത്തെ കുറിച്ച് വളരെ അധികം മതിപ്പു പ്രകടിപ്പിച്ചവരാണ്.

ശങ്കരാചാര്യരുടെ ജനനത്തീയതി കുഞ്ഞൻരാജാ പറഞ്ഞതല്ല ശരി എന്ന് അഭിപ്രായമുള്ള ശങ്കരനാരായണൻപോലും അതിന്റെ കാരണം പറയുന്നതല്ലാതെ അദ്ദേഹത്തെ അപമാനിച്ചിട്ടില്ല.

കുഞ്ഞൻരാജയുടെ വ്യക്തിത്വം അദ്ദേഹത്തിന്റെ കൃതികളിലാണ് കാണാനാവുക. എത്ര കൃതികളുണ്ട് എന്നതാണോ , അതിലെത്ര ആഴത്തിലുള്ള കൃതികളുണ്ട് എന്നതാണോ പാണ്ഡിത്യത്തിന്റെ അളവുകോൽ. രണ്ടായാലും കുഞ്ഞൻരാജയെ തോൽപ്പിക്കാൻ ഇന്നുവരെ ആരും ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ കൃതികളിൽ ചിലത് താഴെ (ലിസ്റ്റ് അപൂർണ്ണമായിരിക്കാം)..

1. യൂണിവേഴ്സിറ്റി ഓഫ് മദ്രാസ് സംസ്കൃതം സീരീസ്.
    - ഋഗ്വേദാനുക്രമണി(വേദം)

- സ്കന്ദസ്വാമിയുടെ ഋഗ്വേദഭാഷ്യം
- വാരരുചനിരുക്തസമുച്ചയം
- നാരായണഭട്ടന്റെ പ്രക്രിയാസർവ്വസ്വം
- ജയമിശ്രന്റെ ശ്ലോകവാർത്തികവ്യാഖ്യാനം
- ഉംവേകന്റെ ശ്ലോകവാർത്തിക വ്യാഖ്യാനം

2. അഡയാർ ലൈബ്രറി സീരീസ്
    - മാധവന്റെ ഋഗ്വേദവ്യാഖ്യാനം വാള്യം 1, 2
    - സാമവേദത്തിന് രണ്ട് ഭാഷ്യം
    - ഉഷാനിരുദ്ധം (പ്രാകൃതകാവ്യം)
    - വരരുചിയുടെ പ്രാകൃതപ്രകാശം രാമപാണിവാദന്റെ ഭാഷ്യസഹിതം.
    - ദാരാ ഷുക്കോവിന്റെ സംസ്കൃതലിഖിതം
    - ശാർങദേവന്റെ സംഗീതരത്നാകരം 2 വാള്യം
    - സംസ്കൃതമാനുസ്കരിപ്റ്റ് കാറ്റലോഗ് രണ്ട് വാള്യം
    - സന്യാസോപനിഷത്ത്
    - രുഗ്മിണീകല്യാണം (കാവ്യം)
    - മേജർ ഉപനിഷത്തുകൾ രണ്ട് വാള്യം
    - മൈനർ ഉപനിഷത്തുകൾ
    - കാറ്റലോഗ് 1 വേദം

- കാറ്റലോഗ് 5 വ്യാകരണം
- കാറ്റലോഗ് 4 കാവ്യം
- സംസ്കൃതകൃതികളുടെ മാനുസ്ക്രിപ്റ്റ് കാറ്റലോഗ് ഇൻഡക്സ്.
- ന്യായകുസുമാഞ്ജലി (ഉദയന)വരദരാജന്റെ ബോധിനിയോടുകൂടി.

3. തിയോസഫിക്കൽ പബ്ലിഷിങ്ങ് ഹൌസ്
    - ശങ്കരാചാര്യരുടെ ബ്രഹ്മസൂത്രഭാഷ്യം ഭാമതിയോടും ചതുസൂത്രിയോടും കൂടി
    - മാനമേയോദയം (മീമാംസ)
4. ബിക്കാനീർ(ഗംഗാ ഓറിയന്റൽ സീരീസ്)
    - അനൂപസിംഹഗുണാവതാരം കാവ്യം
    - ജഗദ്വിജയഛരന്ദസ്സ് (കാവ്യം)
    - സംഗീതരാജ വാള്യം 1
    - വാള്യം 2
    - മാനുസ്ക്രിപ്റ്റ് കാറ്റലോഗ്
    - അനൂപരത്നാവലി
5. പൂന ഓറിയന്റൽ സ്റ്റഡീസ്
    1. മയൂരസന്ദേശം ഭാഷ്യസഹിതം
6. പ്രബന്ധങ്ങളും പ്രഭാഷണങ്ങളും

ആന്നൽസ് ഓഫ് ഓറിയന്റൽ റിസർച്ച്
മദ്രാസ് യൂണിവേഴ്സിറ്റി.

- മലബാറിലെ സംസ്കൃതം ഉച്ചാരണം പ്രത്യേകതകൾ
- ശാകുന്തളചർച്ച
- നിരുക്തവും മാധവന്റെ അനുക്രമണികളും
- സർവ്വാനുക്രമണീപദ്യവിവർത്തി
- നിരുക്തവാർത്തിക
- പോയറ്റിക്ക് ബ്യൂട്ടി
- കാളിദാസകൃതികളിലെ ചില ഭാഗങ്ങൾ-
- രഘുവംശവും കുമാരസംഭവവും
- മാളവികാഗ്നിമിത്രത്തിലെ ഭരത വാക്യം
- കാളിദാസകൃതികളിൽ അഗ്നിമിത്ര പരാമർശം
- കാളിദാസകൃതികളുടെ ശീർഷകങ്ങൾ

ജേർണൽ ഓഫ് ഓറിയന്റൽ റിസർച്ച് മദ്രാസ്

- സ്വാഹാ,സ്വധാ, സ്വസ്തി!
- ചാരുദത്തയിലെ പ്രാകൃതഭാഗങ്ങളും ഭാസപ്രശ്നവും
- മാധവൻ ഋഗ്വേദത്തിന്റെ അറിയപ്പെടാത്ത ഭാഷ്യകാരൻ
- സൂക്തശ്ലോകം

- യാസ്കന്റെ തൈത്തരീയാനുക്രമണി
- ശാകുന്തളത്തിലെ കാലവിധാനം
- വേദഭാഷ്യകാരന്മാരുടെ ക്രോണോളജി
- വീണാവാസവദത്തം 4 അങ്കം
- പയ്യൂർ ഭട്ടന്മാർ

പ്രാച്യവാണി

- ദശരഥന്റെ നാലു പുത്രന്മാർ
- രണ്ട് സംഗീതഗ്രന്ഥങ്ങൾ

പൂന ഓറിയന്റലിസ്റ്റ്.

- കൌമുദി
- പൂർണ്ണസരസ്വതി

ന്യൂ ഇൻഡ്യൻ ആന്റിക്വറി.

- പ്രശ്നമാല

ഇന്ത്യൻ ഹിസ്റ്റോറിക്കൽ ക്വാർട്ടർലി.

- കാളിദാസകൃതികളിലെ ചരിത്രപശ്ചാത്തലം
- ശിവവിലാസം (ചരിത്രകവിത)

ജേർണൽഓഫ് ഗംഗാനാഥ ഝാ ഇൻസ്റ്റിറ്റ്യൂട്ട്

- ധർമ്മാംബോധി

ജേർണൽഓഫ് യു.പി ഹിസ്റ്റോറിക്കൽ സൊ സൈറ്റി

- കാളിദാസനും ജ്യോതിശ്ശാസ്ത്രവും

കാർട്ടർലി ജേർണൽഓഫ് മിഥിക്ക് സൊസൈറ്റി

- വേദിക് ഇന്ത്യയിലെ വിദ്യാഭ്യാസം
- ചില അലൌകികാനുഭവങ്ങൾ

ഇന്ത്യൻ റെവ്യൂ

- വൈദികഇന്ത്യയിലെ വ്യക്തിസ്വാതന്ത്ര്യം
- പരാജയത്തിന്റെ ജയം

അഡയാർലൈബ്രറി ബുള്ളറ്റിൻ

- അഡയാർലൈബ്രറി രൂപീകരണം
- വരരുചിനിരുക്തസമുച്ചയം
- സ്കന്ദസ്വാമി ഋഗ്വേദഭാഷ്യം അഷ്ടകം 8
- അശ്വലായനഗൃഹ്യമന്ത്രഭാഷ്യം
- ഛന്ദോവിചിതിഭാഷ്യം പെഥാശാസ്ത്രി
- അശ്വലായനഗൃഹ്യസൂത്രഭാഷ്യം ദേവ സ്വാമി
- ഐതരേയബ്രാഹ്മണം ഗോവിന്ദസ്വാമി യുടെ ഭാഷ്യം
- ഐതരേയബ്രാഹ്മണം ഭട്ടഭാസ്കരഭാഷ്യം
- ഐതരേയബ്രാഹ്മണം സദ്ഗുരുശിഷ്യ ഭാഷ്യം

- അനൂപ് സംസ്കൃതലൈബ്രറി
- ആൾഇന്ത്യാ മാനുസ്ക്രിപ്റ്റ് ലൈബ്രറി അസോസിയേഷൻ സ്കീം
- ഓൾഇന്ത്യാ ഓറിയന്റൽ ജേർണൽ അസോസിയേഷൻ സ്കീം
- സർവ്വാനുക്രമണിപാദ്യവിവൃത്തി
- നിരുക്തവാർത്തികം
- ശ്രുതി,സ്വരം,ഗ്രാമം
- സുമനോരമണി
- ഭഗവദ്ഗീതയും മീമാംസയും
- സോമം ആര്യന്മാരുടെ ദേശീയപാനീയമായിരുന്നുവോ

ഭാരതീയവിദ്യ

- വീണാവാസവദത്തം അങ്കം 5, 6
- വാത്മീകിയുടെ കാവ്യസിദ്ധാന്തം

റിവ്യൂ ഓഫ് റിലിജിയൻ ആന്റ് ഫിലോസഫി

  - ഭഗവദ്ഗീത

വേദാന്തകേസരി

- വിവേകാനന്ദൻ പുരാതനഇന്ത്യയുടെ അംബാസഡർ
- സാംസ്കാരികമായ ഒരുമക്ക് വൈദിക ഋഷിമാരുടെ സംഭാവന

ആന്നൽസ് ഓഫ് ബണ്ഡാർക്കർ റിസർച്ച് ഇൻസ്റ്റിട്യൂട്ട്

- നൈമിശാരണ്യത്തിന്റെ സന്ദേശം

ബിക്കാനീർ ബുള്ളറ്റിൻ

- രായസിംഹമഹോത്സവ
- മഹാരാജാ കുംഭകർണ്ണന്റെ സംഗീതരാജ
- അനൂപ് സംസ്കൃതലൈബ്രേറി
- വിദ്യാഭ്യാസം ജനങ്ങളിൽ അടിച്ചേൽപ്പിച്ചിരുന്നില്ല.

ആര്യമാർഗ്ഗം

- സംസ്കൃതിളുടെ ഭൌതിക,ആത്മീയ വഴികൾ
- എന്നും പുതിയതായ പഴയത്
- വെണ്മണി
- ഇന്ത്യയിലെ കവിത

Zeitschrift fur Indologie und iranistik

- ഭാസന്റെ മറുവശം

വിശ്വഭാരതി

- ജീവിക്കുന്ന ഭഗവദ്ഗീത

യങ്ങ് തിയോസഫിസ്റ്റ്

- In Revolt with Tolerance

ഓൾഇന്ത്യാ ഓറിയന്റൽകോൺഫറൻസ്

- പ്രസിഡൻഷ്യൽ അഡ്രസ്സ് വേദിക് സെക്ഷൻ

- പ്രസിഡൻഷ്യൽ അഡ്രസ് സംസ്കൃത സെക്ഷൻ
- സായനനു മുമ്പുള്ള വേദഭാഷ്യകാരന്മാർ
- വലഭിസ്കൂളിലെ വേദഭാഷ്യകാരന്മാർ
- വൈദികഭാഷ്യങ്ങളിലെ മാധവപ്രശ്നം
- പുതിയൊരു ഭാഷാനാടകം
- ശകുന്തളത്തിലെ കാലം
- നാരായണഭട്ടനും പ്രക്രിയാസർവ്വസ്വവും
- കാശികാവൃത്തികൾ
- പ്രശ്നമാല

ഇന്ത്യൻ ഫിലസോഫിക്കൽ കോൺഗ്രസ്

- പ്രസിഡൻഷ്യൽ അഡ്രസ് ഫിലോസഫി സെക്ഷൻ
- ഋഗ്വേദത്തിൽ പുനർഅവതാരം
- യോഗസൂത്രഭാഷ്യം വ്യാഖ്യാനം
- അർത്ഥാപത്തി
- ഭഗവദ്ഗീതയും മീമാംസയും

സ്മരണികകളിലെ ലേഖനങ്ങൾ

- ഐചിങ്ങും ഭർതൃഹരിയും (കൃഷ്ണസ്വാമി അയ്യങ്കാർ)
- ഋഗ്വേദകർത്താക്കൾ(രങ്കസ്വാമി അയ്യങ്കാർ)
- ശാകാപൂനി (കുപ്പുസ്വാമിശാസ്ത്രികൾ)

- മദ്രാസിലെ സംസ്കൃതപഠനങ്ങൾ(മദ്രാസ് സെന്റിനറി)
- പുരാതനഇന്ത്യയിലെ വിദ്യാസ്ഥാനങ്ങളും അവയുടെ പുരസ്കർത്താക്കളും (രാജാ അണ്ണാമലൈ ചെട്ടിയാർ)
- ശ്രീരാമനും രഘുവംശവും (പി വി കാനേ)
- മാളവികാഗ്നിമിത്രത്തിലെ നായകൻ(ഭണ്ഡാർക്കർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രജതജൂബിലി)
- സന്ദേശകാവ്യങ്ങളും മലബാറിലെ ജ്യോഗ്രഫിയും (ബി സി ലോ)
- കുമാരസംഭവത്തിലെ രാഷ്ട്രീയപ്രതിബിംബങ്ങൾ(രാധാകുമുദ് മുക്കർജി)
- രഘുവംശത്തിലെ ദശരഥൻ(എ ബി ധ്രുവ)
- പുരാതനഇന്ത്യയിലെ പ്രൈവറ്റ് ലൈബ്രറികൾ(ഇയ്യങ്കി വെങ്കടരമണയ്യ)
- ശാകുന്തളത്തിലെ ഫിലോസഫി(എം ഹിരിയണ്ണ)
- ശങ്കരന്റെ റിയലിസം (മധുര അദ്വൈത സഭ ജൂബിലി)
- വൈദികസംസ്കാരം (കൾച്ചറൽ ഹെറിട്ടേജ് ഓഫ് ഇന്ത്യ .രാമകൃഷ്ണ സെന്റിനറി)
- സമകാലികമലയാളസാഹിത്യം(സമകാലികഇന്ത്യൻസാഹിത്യത്തെക്കുറിച്ച് സിംപോസിയം)

- മലയാളസാഹിത്യം (എൻസൈക്ലോപീഡിയ ഓഫ് വേൾഡ് ലിറ്ററേച്ചർ)
- നാഗാനന്ദ(സംസ്കൃതനാടകകഥകൾ. ജി എ) നടേശൻ ആന്റ് കോ. മദ്രാസ്)

ക്രിറ്റിക്കൽ ഇൻട്രൊഡക്ഷൻസ്

- ബൃഹതി(മദ്രാസ് യൂണിവേഴ്സിറ്റി)
- ഉംവേകന്റെ ശ്ലോകവാർത്തികവ്യാഖ്യാനം(മദ്രാസ് യൂണിവേഴ്സിര്റി)
- നയവിവേകം (മദ്രാസ് യൂണിവേഴ്സിറ്റി)
- സ്ഫോടസിദ്ധി (മദ്രാസ് യൂണിവേഴ്സിറ്റി)
- ഭഗവദ്ഗീത(അഡയാർലൈബ്രറി)
- സംഗീതരത്നാകരം(അഡയാർലൈബ്രറി)
- വാദാവലി(അഡയാർലൈബ്രറി)
- രാഗവിബോധം(അഡയാർലൈബ്രറി)
- വേദോപനിഷത്തുകൾക്ക് മുമ്പ് ആത്മൻ (അഡയാർ ലൈബ്രറി)
- അക്ബർസാഹി ശൃംഗാരദർപ്പണം (ബിക്കാനീർ)
- മുദ്രാരാക്ഷസകഥ(ബിക്കാനീർ)
- ഗീതമഞ്ജരി രാജസ്ഥാനി(ബിക്കാനീർ)

Indian P.E.N

- അക്കാദമി ഓഫ് ആർട്സ് ആന്റ് ലറ്റേഴ്സ്.

Dawn of India

- അനേകത്വം നമ്മുടെ ശക്തി

- കാളിദാസനും സാമാന്യജനങ്ങളും
- ഒരു സന്ദേശം
- ഇന്ത്യയിൽ ഇംഗ്ലീഷിന്റെ സാംസ്കാരിക പ്രചോദനം
- ഇന്ത്യക്കാരേ,ഇവിടെ നോക്കു. എവിടെ.

Concord

- എ ഫോർത്ത് പൊളിറ്റിക്കൽ സിസ്റ്റം
- ഹിന്ദുമതവും ഹിന്ദുജനതയും
- ഇന്ത്യയിലെ ഭാഷാമത്സരം
- ഹിന്ദുമുസ്ലിംഐക്യത്തെക്കുറിച്ച് ചില ചിന്തകൾ
- ചന്ദ്രോത്സവം
- ലിറ്ററേച്ചർ സിംഫണി

ന്യൂ റിവ്യൂ

- ഇന്ത്യയുടെ സാംസ്കാരിപരിശ്രമങ്ങൾ രാഷ്ട്രീയസ്വാതന്ത്ര്യത്തിനു വേണ്ടി കാത്തു നിൽക്കണമോ

Perspective

- Theosophical society and education

Vikrama Ujjain

- Vikrama era and date of Kalidasa.

മലയാളത്തിലും നൂറിലധികം ലേഖനങ്ങൾ ഈ വിഷയങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ലിസ്റ്റ് കിട്ടിയിട്ടില്ല. മാതൃഭൂമി ആഴ്ചപ്പ

തിപ്പ്, മംഗളോദയം, അഖിലകേരളസാഹിത്യ അക്കാദമിയുടെ ജേർണൽ, കൈരളി, മദ്രാസ് കേരളസമാജത്തിന്റെ കേരളോപഹാരം ഇവയിലാണ് മലയാളം ലേഖനങ്ങൾ അച്ചടിച്ചു വന്നിട്ടുള്ളത്. ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്, ന്യൂ ഇന്ത്യ ഇവയിലും പൌരാണികഭാരത സംസ്കാരത്തിന്റെ ഉന്നതിയെക്കുറിച്ച് അദ്ദേഹം എഴുതിയിരുന്നു.